" സന്ധ്യ....
ഇരുലോകങ്ങൾക്കിടയിലൊരു
ചെറുചിന്നൽ. വഴുതിവീണൂ
ഞാനതിൽ.. ഹാ.. എന്തു ചേർച്ച !!"

സുന്ദരമായ കവിത.. അല്ലേ?.. അഥവാ എന്തെങ്കിലും അഭംഗി ഉണ്ടെങ്കിൽ അത് തർജ്ജമയുടേതാണ്. കാരണം മുകളിൽ കുറിച്ചത് ഈയാഴ്ച്ചയിലെ പ്രതിഭയുടെ ഇംഗ്ലീഷ് കവിതയിലെ വരികളുടെ പരിഭാഷാശ്രമമായിരുന്നു .

ടാലന്ററഡ് ബാങ്കേഴ്സ് അഭിമാനപുരസ്സരം അവതരിപ്പിക്കുന്നു ;
പ്രീതാ ബി
ഫെഡറൽ ബാങ്ക്
വൈറ്റില ശാഖ

BSNL ഉദ്യോഗസ്ഥനായിരുന്ന ബാലകൃഷ്ണൻ നായരുടെയും NAD യിൽ ജോലി ചെയ്തിരുന്ന ചന്ദ്രികയുടെയും മൂത്ത മകളാണ് പ്രീത. അനിയത്തി ഗീത നേവൽ ബേസിലും അനിയൻ മുരളീകൃഷ്ണ TCS ലും ജോലി ചെയ്യുന്നു. അച്ഛന് ആലുവയിലായിരുന്നു ജോലി എന്നതിനാൽ പ്രീത വളർന്നതും പഠിച്ചതുമൊക്കെ ആലുവയിലാണ്. പത്താം ക്ലാസ്സ് വരെ ആലുവ സെന്റ് ഫ്രാൻസിസ് സ്കൂളിൽ . പഠനത്തിൽ മാത്രം ശ്രദ്ധ വെച്ച, പരീക്ഷകളിൽ ഒക്കെ ഒന്നാമയായ ഒരു മിടുക്കി. ആലുവ സെന്റ് സേവ്യേഴ്സ് കോളേജിൽ പ്രീഡിഗ്രി ഒന്നാം ഗ്രൂപ്പിൽ പഠനം തുടങ്ങിയപ്പോഴാണ് ഇംഗ്ലീഷ്, വില്ലൻ ഭാവത്തിൽ ആദ്യമായി പ്രീതയെ വിരട്ടുന്നത്. മലയാളം മീഡിയത്തിൽ പഠിച്ചു വന്ന മിടുക്കിക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള പാഠ്യപദ്ധതിയിൽ താൻ പിന്നിലായിപ്പോകുമോ എന്ന് അനാവശ്യമായ ഒരു സന്ദേഹം... പക്ഷേ,വിജയം ഒരു ശീലമാക്കിയവർക്ക് അങ്ങനെ തോൽവി പേടിച്ച് ഇരിക്കാൻ പറ്റുമോ? ലൈബ്രറിയിലെ ഇംഗ്ലീഷ് വിഭാഗം പുസ്തകങ്ങളുടെ ആഴത്തിലുള്ള വായനയിലൂടെ ഭാഷയെ കൈയ്യിലൊതുക്കാനായി പിന്നീടുള്ള ശ്രമം. അധ്യാപികമാരായിരുന്ന മൂന്ന് ചിറ്റമാരുടെ വീടുകളിൽ കഴിച്ചു കൂട്ടിയ അവധികാലത്തും പ്രീത അവിടുത്തെ വിശാലമായ പുസ്തകശേഖരത്തോട് കൂട്ടു കൂടി. പ്രീഡിഗ്രി മികച്ച വിധം പാസ്സാകുമ്പോൾ പ്രീതയ്ക്ക് പുതിയ ഒരു കൂട്ടുകാരനെക്കിട്ടി. ഇംഗ്ലീഷ്.. ഒരിക്കൽ അകാരണമായി ഭയപ്പെട്ട ആ ഭാഷയിൽ പ്രീത സുന്ദര കവിതകളെഴുതി. പക്ഷേ, ആരും കാണാതെ പുസ്തകത്താളുകളിൽ കഴിയാനായിരുന്നു കവിതകളുടെ വിധി. കവിയിത്രിയുടെ സങ്കോചം തന്നെ കാരണം.

സെന്റ് സേവ്യേഴ്സ് കോളേജിൽ നിന്ന് തന്നെ ഭൗതിക ശാസ്ത്രത്തിൽ ബിരുദം നേടി, ആലുവ യു സി കോളേജിൽ ബിരുദാനന്തര ബിരുദത്തിന് ചേർന്നെങ്കിലും സ്റ്റാഫ് സെലക്ഷൻ കമ്മിഷൻ വഴി ജോലി ലഭിച്ചതിനാൽ പഠനം തുടങ്ങി രണ്ടു മാസത്തിനുള്ളിൽ അതവസാനിപ്പിച്ച് 1996ൽ കാക്കനാട് സെസ്സിന്റെ അഡ്മിനിസ്ട്രേറ്റിവ് ഓഫീസിൽ കേന്ദ്രസർക്കാർ

ജീവനക്കാരിയായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. പക്ഷേ, ആലുവ, തോട്ടയ്ക്കാട്ടുകരയിൽ വളർന്ന പ്രീതയുടെ ആഗ്രഹം മറ്റൊന്നായിരുന്നു. കുട്ടിക്കാലം മുതൽ ചുറ്റുമുള്ളവരൊക്കെ ബാങ്ക് ഉദ്യോഗസ്ഥർ, കോളേജിൽ പോകുമ്പോഴൊക്കെ കാണുന്നത് ആലുവാ പട്ടണത്തിൽ തലയുയർത്തി നിൽക്കുന്ന ഫെഡറൽ ബാങ്ക് ഹെഡ് ഓഫീസ്. അന്നേ പ്രീതയ്ക്ക് ബാങ്ക് ഉദ്യോഗസ്ഥ, കൃത്യമായിപ്പറഞ്ഞാൽ ഫെഡറൽ ബാങ്ക് ഉദ്യോഗസ്ഥ ആവണമെന്ന് തന്നെയായിരുന്നു മോഹം.

അങ്ങനെ 1998 ൽ പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരിക്കടുത്തുള്ള തോണിപ്പുഴ ശാഖയിൽ ക്ലർക്കായി ജോലിയിൽ പ്രവേശിച്ച് പ്രീത ഫെഡറൽ ബാങ്കിന്റെ ഭാഗമായി. കവിതകൾക്ക് ശാപമോക്ഷം കിട്ടിയത് അക്കാലത്തായിരുന്നു. ആഴ്ച തോറും ആലുവയിലേക്കുള്ള ട്രെയിൻ യാത്രയ്ക്കിടെയുള്ള സംസാരത്തിലാണ് പത്മകുമാർ എന്ന നാട്ടുകാരൻ കൂടിയായ ബാങ്ക് ജീവനക്കാരന് സഹയാത്രിക ഒരു കവയിത്രിയാണെന്ന അറിവ് ലഭിച്ചത്. അദ്ദേഹം മുൻകൈയ്യെടുത്ത് അയച്ചു കൊടുത്ത കവിതകൾ ബെഫി പുറത്തിറക്കിയിരുന്ന "സോളിഡാരിറ്റി" മാസികയിൽ അച്ചടിച്ച് വന്നു തുടങ്ങി. അതിനു ശേഷം കവിതകളെ കുറച്ചു കൂടി ഗൗരവത്തോടെ കണ്ടു തുടങ്ങി പ്രീത . പുതിയ കവിതകൾ വായിക്കുന്നതിനും ആശയങ്ങൾ സ്വരുക്കൂട്ടുന്നതിനുമുള്ള അന്വേഷണം എത്തിയത് " allpoetry.com "എന്ന അമേരിക്കൻ വെബ്സൈറ്റിലാണ് . യൂറോപ്യന്മാർ വരെ അംഗമായുള്ള ഒരു ഗ്രൂപ്പിന്റെ ഭാഗമായത് തന്റെ കവിതകൾക്ക് കൂടുതൽ മിഴിവ് നൽകുന്നതിനും പദസമ്പത്ത് വർദ്ധിക്കുന്നതിനും കാരണമായെന്ന് പ്രീത വിശ്വസിക്കുന്നു.

ജോലി ലഭിച്ചതിനാൽ ബിരുദാനന്തര ബിരുദപഠനം മുടങ്ങിയതിന്റെ വിഷമം പ്രീത തീർത്തത് CAIIB യും ഇഗ്നോയിൽ നിന്ന് MBA യും നേടിയായിരുന്നു. ഭാഷയോടുള്ള അഭിനിവേശം മൂലം ഇഗ്നോയിൽ നിന്ന് തന്നെ ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദവും പൂർത്തിയാക്കി.

കോഴഞ്ചേരി ശാഖയിൽ ജോലി ചെയ്യുമ്പോഴാണ് വിവാഹം.ലക്ഷദ്വീപ് ഡെവെലപ്മെന്റ് കോർപറേഷനിൽ ഡെപ്യൂട്ടി മാനേജരായി ജോലി ചെയ്യുന്ന ശ്രീകുമാറാണ് പ്രീതയുടെ ജീവിതകവിതയുടെ സഹ എഴുത്തുകാരൻ. വിവാഹശേഷം കലൂരിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. ഇപ്പോൾ വൈറ്റില ശാഖയിലാണ് ജോലി ചെയ്യുന്നത്. ഇരട്ട കുട്ടികളാണ് പ്രീതയ്ക്കും ശ്രീകുമാറിനും. എട്ടാം ക്ളാസുകാരായ ശ്രീപ്രിയയും പ്രണവും. പാട്ടും കീബോർഡ് വായനയുമായി ശ്രീപ്രിയയും ചിത്രരചനയുമായി പ്രണവും അമ്മയുടെ കലാപാരമ്പര്യം കാക്കുന്നു.

ഭാവിയിലെ സുന്ദരമായ ഒരോർമ്മയാവും എന്ന ശ്രീകുമാറിന്റെ സ്നേഹ നിർബന്ധത്തിലാണ് പ്രീതയുടെ ആദ്യ കവിതാ സമാഹാരം "പെബിൾസ്" പുറത്തിറങ്ങുന്നത്. ബുക്കർമാൻ പബ്ലിക്കേഷൻസ് ആയിരുന്നു പ്രസാധകർ. 2017ൽ വനിതാ ദിനമായ മാർച്ച് 8 ന് ഗ്രേസി ടീച്ചറാണ് പുസ്തകം

പ്രകാശനം ചെയ്തത്.
"പ്രീതയ്ക്ക് കാവ്യബിംബങ്ങളെപ്പറ്റി ആഴത്തിലുള്ള ബോധ്യമുണ്ട്. ഇതാണ് അവരുടെ കവിതകളെ ശക്തവും മനോഹരവുമാക്കുന്നത് " മലയാളത്തിന്റെ പ്രിയപ്പെട്ട കവി കെ. സച്ചിദാനന്ദന്റെ വാക്കുകൾ.

കുട്ടിക്കാലത്തു വലിയ താല്പര്യം ഉണ്ടായിരുന്നെങ്കിലും പഠിത്തത്തെ ബാധിക്കുമോ എന്ന ആശങ്കയിൽ വേണ്ടെന്നു വെച്ച സംഗീതപഠനം മകൾക്കൊപ്പം, (ഒരു പക്ഷേ മകളേക്കാൾ )ആവേശത്തോടെ നടത്തുകയാണ് ഇപ്പോൾ പ്രീത. 2018 ൽ ഫെഡറൽ ബാങ്കിന്റെ സ്ഥാപക ദിനവുമായും ആലുവയിലെ മെട്രോ സ്റ്റേഷൻ ഉദ്ഘാടനവുമായും ബന്ധപ്പെട്ട് ഒരു മ്യൂസിക് ബാൻഡ് രൂപീകരിക്കപ്പെട്ടപ്പോൾ, ഇംഗ്ലീഷ് വരികൾ എഴുതാൻ തിരഞ്ഞെടുക്കപ്പെട്ടത് പ്രീതയായിരുന്നു. "ഡ്രീമേഴ്സ് " എന്ന് പേരിടപ്പെട്ട ആ ബാൻഡിൽ പാട്ടെഴുതാൻ വന്ന പ്രീത പാട്ടുകാരിയുമായി.

യാത്രകൾ ഇഷ്ടപ്പെടുന്ന പ്രീത, സ്വാമി സന്ദീപാനന്ദ ഗിരിയുടെ സംഘത്തോടൊപ്പം 2016 ൽ കൈലാസ മനസസരോവർ യാത്രയിൽ പങ്കെടുത്തിട്ടുണ്ട്.

മികച്ച ഒരു യോഗാ അഭ്യാസി കൂടിയാണ് പ്രീത. തേവര എസ് എച്ച് സ്കൂളിൽ യോഗാ ട്രെയിനർ ആയ മീരയാണ് ഗുരു. യോഗാ പഠനത്തിനിടെ സംഗീതത്തിലുള്ള താല്പര്യം മനസ്സിലാക്കി തന്റെ ഭജൻ ഗ്രൂപ്പിലേക്ക് മീര, പ്രീതയെയയും ക്ഷണിച്ചു. മീന, ജയ, ശാലിനി തുടങ്ങിയവർ കൂടി ഉൾപ്പെടുന്ന അഞ്ചംഗ സംഘം 2014 മുതൽ ക്ഷേത്രങ്ങളിൽ ഭജൻസ് അവതരിപ്പിക്കുന്നുണ്ട്. ജയലക്ഷ്മി വൈദ്യനാഥനാണ് ഭജൻസ് സംഘത്തിന്റെ ഗുരു. കോവിഡ് തങ്ങളുടെ വേദികൾ കവർന്നെടുത്തതിലെ സങ്കടം പ്രീത മറച്ചു വെയ്ക്കുന്നില്ല.

കോവിഡ് കാലത്ത് പ്രീത ഒരു യൂ ട്യൂബ് ചാനൽ ഉടമയുമായി. "പീതൂസ് വേൾഡ് " എന്നാണ് ചാനലിന്റെ പേര്. പെരുമ്പടവം ശ്രീധരന്റെ "സങ്കീർത്തനം പോലെ " ബഷീറിന്റെ "ബാല്യകാല സഖി " എന്നീ പുസ്തകങ്ങളുടെ ആസ്വാദനം പ്രീതയുടെ ശബ്ദത്തിൽ കേൾക്കാം ഈ ചാനലിൽ. യോഗയും സംഗീതവും ഇടകലർത്തി മീരയ്ക്കും ശാലിനിക്കും ഒപ്പം അവതരിപ്പിച്ചതാണ് ചാനലിലെ മറ്റൊരു ആകർഷണീയമായ വിഭവം.

മകളുടെ കീബോർഡ് അധ്യാപകനായ ജെയിസിൻ ജോണിന്റെ ഈണത്തിനൊപ്പിച്ച് വരികളെഴുതി മലയാളത്തിലേക്കും തന്റെ രചനാലോകം വിപുലമാക്കി പ്രീത. "ഹിമകണമണിയുമൊരീറൻ കാറ്റിൻ രാഗം.. " എന്ന് തുടങ്ങുന്ന ഗാനം സംഗീതം കൊണ്ടും മികച്ച രചന കൊണ്ടും ശ്രദ്ധേയമായ ഗാനം "പീതൂസ് വേർഡിൽ "ഉണ്ട് . സന്തോഷ് കുമാറാണ് ഗാനം ആലപിച്ചിരിക്കുന്നത്.

കൈകാര്യം ചെയ്യുന്ന മേഖലകളിലെല്ലാം ഏറ്റവും മികച്ചതിനായുള്ള പ്രീതയുടെ ആത്മാർത്ഥപരിശ്രമങ്ങൾ ശ്ലാഘനീയമാണ്. കൂടുതൽ മികച്ച കവിതകളെഴുതി കാവ്യലോകത്ത് തന്റേതായ ഇരിപ്പിടം ഉണ്ടാക്കാൻ സാധിക്കട്ടെയെന്ന് പ്രീതയുടെ തന്നെ വരികൾ ഉദ്ധരിച്ച് ആശംസിക്കുന്നു ;
" ഇനിയും എഴുതാത്ത വരികൾ നിങ്ങളെ
അസ്വസ്ഥയാക്കിക്കൊണ്ടേയിരിക്കട്ടെ ".

---------------------------------------------------------------------------------------------------
തയ്യാറാക്കിയത് : റിനു കെ ജോർജ് , ഫെഡറൽ ബാങ്ക്, കൊടകര

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത
---------------------------------------------------------------------------------------------------

Twilight
is a crack
between
two worlds

I slip
into its
crevice;

a perfect fit

Crisp! Short and touching.. This is a poem by this week's Talented Banker. We proudly present before you,

Preetha B
Federal Bank
Vyttila Branch

She is the eldest of the three children of Balakrishnan Nair who worked in BSNL and Chandrika who worked in NAD. Her sister Geetha works in the Naval base and her brother Murali Krishna is with the TCS. As her father worked in Aluva, her childhood was spent there. She did her schooling from the Aluva St. Francis School till her 10th grade. She excelled in her classes all through the years. It was when she joined for Pre degree first group in the St Xavier's college, Aluva that she English turned out to be a monstrous villain. The young girl doubted if she would be able to cope up with the English medium curriculum after completing her schooling in Malayalam medium.. a needless apprehension. What fear stops one who knows only victory? She started reading English books from the library with the determination to win over the language. Even during the vacations spent at her aunts' houses, she gorged into the vast

collection of books they, being teachers, had. By the time she passed out of the college, she had a close friend to accompany her - English! The girl who cowered from the language learned to embrace it and write beautiful poetries in it. But these poems remained within the folds of her notebook as a result of her introvert nature.

Though she completed her graduation in Physics from the same college and joined Aluva UC College for post graduation, she left after two months as she got selected through the staff selection commission to Kakkanad SEZ Administrative office where she started her career journey in the year 1996. Yet, Preetha, brought up in Thottakkatukara, Aluva, yearned for something different - from her young age she watched many bankers around her.. she watched wistfully, the Federal Bank Head Office that stood apart in the Aluva town, on her way to college. From then she had decided she would be a banker - to be specific, she wanted to work in the Federal Bank.

This she achieved in 1998 when she joined the Thonippuzha branch of Federal Bank, near Kozhencherry,Pathanamthitta. It was during this period that her poems were set free. It was during the weekly train journeys to Aluva that Padmakumar, a colleague who was also from her locality discovered that she wrote poems. And he encouraged her to send her poems to the BEFI published magazine, 'Solidarity. Her poems appeared in the various editions of the magazine. This prompted her to take her writing seriously. Her exploration to read new poems and collecting ideas brought her to notice an American website, "all poetry.com". Preetha believes that being part of such a group that included many European members helped polish her poems and also to improve her vocabulary.

Her disappointment in not being able to complete her post graduation was tackled by her earning CAIIB and MBA from IGNOU. Her craze for the language led her to pursue and complete post graduation in English too from IGNOU.

She got married to Sreekumar who works as Deputy Manager in the Lakshadweep Development Corporation, while working in Kozhencherry branch. She got transferred to Kaloor after marriage. Now she is working in the Vyttila Branch. The couple is blessed with twins - Sreepriya and Pranav who are in the eighth grade. The mother's artistic nature is revealed in Sreepriya as she sings and plays keyboard, and in Pranav as he draws on his canvas.

Sreekumar's gentle cajoling that it would be a beautiful memory, prodded Preetha to get her first collection of poems published in the name, "Pebbles" through Bookerman publications. The book was released by Gracy teacher on the Women's day, March 8th 2017. "Preetha has an in-depth knowledge of poetic imagery. This makes her words strong and beautiful ", exclaimed the beloved Malayalam poet K.Sachidanandan.

Though passionate, Preetha could not learn music during her young age lest it should affect her studies. Right now she is learning carnatic music along with her daughter (maybe with more enthusiasm). She was chosen to impart English words to the song by a music band formed in connection with the Federal Bank foundation day and Aluva metro station inauguration in the year 2018. She who came to write for the band "Dreamers", ended up singing too.

She, who loves to travel, took part in the Kailas-Mansarovar yatra along with Swami Sandeepananda and his group in 2016. She is also an expert in yoga. The yoga trainer in Thevara S.H School, Meera is her guru. Learning of Preetha's passion towards music, Meera invited her to their Bhajan group which also included Meena, Jaya and Salini. The five- member group has been performing bhavan in temples from 2014, led by Jayalakshmi Vaidyanathan. Preetha is dejected that covid has snatched their chances of performing now.

The covid days led her to own a channel in YouTube, named 'Peethus world '. In this channel, we can find the reviews of "Oru Sankeerthanam Pole" by Perumbadavam Sreedharan and "Balyakalasakhi" by Basheer, in Preetha's voice. Another interesting feature is the program by her alongside Meera and Salini, by blending yoga and music.

Preetha has now spread her wings to Malayalam poetry as well, by writing to the tunes set by her daughter's keyboard master, Jaysin John. The song popular for its wordings and music starting thus: " Himakanamaniyumoreeran kaatin raagam.." can also be viewed in Peethus world. The song has been sung by Santhosh Kumar.

It is a wonder that she excels in every field she gets interested in. We wish that she may write many more wonderful poems that may ensure her a strong hold in the world of poetry.. to say in her own words, " may the words yet to be penned keep disturbing you "